പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1591 11.08.2017-ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി.യുടെ കടബാധ്യതയില്ലാതാക്കുന്നതിന് കർമ്മ പരിപാടി**

| ചോദ്യം<br>ശ്രീ. കെ.വി. വിജയദാസ് | | ഉത്തരം<br>ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യുടെ കട ബാധ്യതയില്ലാതാക്കി ലാഭത്തിലാക്കുന്നതിന് വ്യക്തമായ കർമ്മ പരിപാടി രൂപപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണം ലക്ഷ്യമിട്ട് കെ.എസ്.ആർ.ടി.സി നിലവിൽ എടുത്തിട്ടുള്ള കുറഞ്ഞകാല തിരിച്ചടവ് ദൈർഘ്യമുള്ളതും പലിശ കൂടിയതുമായ വായ്പകൾ ബാങ്കുകളുടെ കൺസോർഷ്യത്തിലേക്ക് മാറ്റുന്നതിനായുള്ള ജോലികൾ പുരോഗമിച്ച് വരികയാണ്. ഇത് യാഥാർത്ഥ്യമാക്കുന്നതോടെ വായ്പ തിരിച്ചടവിനത്തിൽ 45 കോടി രൂപയോളം പ്രതിമാസം ലാഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ പ്രൊഫ. സുശീൽ ഖന്നയുടെ പഠന റിപ്പോർട്ട് പൂർണ്ണമായും നടപ്പിലാക്കാൻ കഴിയുന്നതോടെ വീണ്ടും കടമെടുത്ത് കടക്കെണിയിലായിരിക്കുന്ന ദുരവസ്ഥയിൽ നിന്നും കെ.എസ്.ആർ.ടി.സി.യെ കരകയറ്റാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | നൂതന മാനേജ്മെന്റ് സംവിധാനങ്ങൾ പ്രയോഗിച്ചുകൊണ്ട് കെ. എസ്.ആർ.ടി.സി.യെ ലാഭത്തിലാക്കുന്നതിനും തൽസ്ഥിതി നിലനിർത്തികൊണ്ടുപോകുന്നതിനും സത്വര നടപടി സ്വീകരിയ്ക്കുമോ; | (ബി) | നൂതന മാനേജ്മെന്റ് സംവിധാനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | പെൻഷനും ശമ്പളവും മുടങ്ങാതെ കെ.എസ്.ആർ.ടി.സി.യെ ലാഭവിഹിതം നൽകാൻ കഴിയുംവിധമുള്ള പൊതുമേഖലാ സ്ഥാപനമാക്കി മാറ്റുന്നതിന് സമയബന്ധിത കർമ്മ പദ്ധതി രൂപീകരിക്കുമോ? | (സി) | ധനകാര്യ പുനഃസംഘടന യാഥാർത്ഥ്യമാകുന്നതോടെ ഇത്തരത്തിലുള്ള ഒരു സ്ഥാപനമാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ